**തൃശ്ശൂർ ജില്ലാ കലക്ടറുടെ നടപടിക്രമം**
**(ഹാജർ:- അർജ്ജുൻ പാണ്ഡ്യൻ, ഐ.എ.എസ്.)**

വിഷയം: RFCTLARR Act 2013- തൃശ്ശൂർ ജില്ല - മുകുന്ദപുരം താലൂക്ക് – ചെങ്ങാലൂർ, നെല്ലായി വില്ലേജുകൾ - കുറുമാലിപ്പുഴക്ക് കുറുകെ കനാത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ വിദഗ്ധ സമിതി റിപ്പോർട്ട് സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 20.02.2023ലെ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ KIIDC/134/2021-PE 15 നമ്പർ കത്തും അർത്ഥനയും

2. 15.01.2023 ലെ റവന്യൂ (ബി) വകുപ്പിന്റെ G.O(Rt)No.248/2023/RD നം ഉത്തരവ്

3. ഈ കാര്യാലയത്തിലെ 19.03.2023 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം.

4. ഈ കാര്യാലയത്തിലെ 27.12.2023 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം.

5. 05.01.2024 തീയതിയിലെ കേരള ഗസറ്റ് അസാധാരണം വാല്യം 13 നമ്പർ 37 ഫോറം 4(1) വിജ്ഞാപനം

6. 04.03.2024 തീയതിയിലെ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ സെന്റർ ഫോർ ലാന്റ് & സോഷ്യൽ സ്റ്റഡീസ് ചെയർമാൻ സമർപ്പിച്ച അന്തിമ പഠന റിപ്പോർട്ട്.

7. വിദഗ്ധ സമിതി രൂപീകരിച്ചു കൊണ്ടുള്ള ഈ കാര്യാലയത്തിലെ 24.05.2024 ലെ ഇതേ നമ്പർ നടപടിക്രമം.

8. 19.07.2024 തീയതിയിലെ വിദഗ്ധ സമിതി റിപ്പോർട്ട്.

**ഉത്തരവ് നമ്പർ : DCTSR/1312/2023-E5** **തീയതി:25-07-2024**

കുറുമാലിപ്പുഴക്ക് കുറുകെ കനാത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി മുകുന്ദപുരം താലൂക്കിലെ ചെങ്ങാലൂർ, നെല്ലായി വില്ലേജുകളിലായി 179/4, 319, 320/1/1, 320/1/2 എന്നീ സർവ്വെ നമ്പറുകളിലുൾപ്പെട്ട 8.786 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും അർത്ഥനയും പരാമർശം (2) പ്രകാരം റവന്യൂ (ബി) വകുപ്പിന്റെ ഉത്തരവും ലഭ്യമായിട്ടുള്ളതാണ്. സ്പെഷ്യൽ തഹസിൽദാർ എൽ.എ കിഫ്ബി, തൃശൂരിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി പരാമർശം (3) പ്രകാരം നിയോഗിച്ചിട്ടുള്ളതുമാണ്. 29.06.2016ലെ സർക്കാർ ഉത്തരവ് (P) നം. 376/2016/RD പ്രകാരം 200ആർ നു താഴെയുള്ള ഭൂമി ഏറ്റെടുക്കലുകളിൽ ജില്ലാ കളക്ടറെ സമുചിത ഗവണ്മെന്റായി നിയോഗിച്ച് ഉത്തരവായിട്ടുള്ളതാണ്.

RFCTLARR Act 2013ലെ സെക്ഷൻ 4 പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനായി SIA യൂണിറ്റായ സെന്റർ ഫോർ ലാന്റ് & സോഷ്യൽ സ്റ്റഡീസിനെ പരാമർശം (4) പ്രകാരം നിയോഗിച്ചിട്ടുള്ളതും ടി യൂണിറ്റിനെ നിയമിച്ചുകൊണ്ട് RFCT LARR ചട്ടം 11(3) പ്രകാരമുള്ള Form (4) വിജ്ഞാപനം പരാമർശം (5) പ്രകാരം അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. പദ്ധതി പ്രദേശത്തെ സംബന്ധിച്ച അന്തിമ പഠന റിപ്പോർട്ട് സാമൂഹിക പ്രത്യാഘാതപഠന യൂണിറ്റ് പരാമർശം (6 ) പ്രകാരം സമർപ്പിച്ചിട്ടുള്ളതും ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിനായി പരാമർശം (7 ) പ്രകാരം രൂപീകരിച്ച വിദഗ്ധ സമിതി പരാമർശം (8) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ കുറുമാലിപ്പുഴക്ക് കുറുകെ കനാത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം പൂർത്തിയാകുന്നതോടെ സുഗമമായ ഗതാഗത സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുകയും അതോടൊപ്പം തന്നെ കൃഷി ആവശ്യങ്ങൾക്കായുള്ള നൂതന രീതിയിലുള്ള ഒരു ജലസ്രോതസ് കൂടി ലഭ്യമാകുമെന്നും, പുഴക്കു കുറുകെ വരുന്ന ഈ പാലത്തിലൂടെ ചെങ്ങാലൂർ വില്ലേജിന്റെ പരിധിയിലുള്ള കിഴക്കേക്കരയിലെ ജനസമൂഹത്തിന് സർക്കാർ ഓഫീസുകളിലേക്കും കച്ചവടസ്ഥാപനങ്ങളിലേക്കും നാഷണൽ ഹൈവേയിലേക്കും നെല്ലായി വില്ലേജിന്റെ പരിധിയായ പടിഞ്ഞാറെ ഭാഗത്തേക്കും വളരെ എളുപ്പത്തിൽ പോകുവാൻ സാധിക്കുമെന്നും, നാല് ഷട്ടറുകൾ ഉൾപ്പെടുന്ന റെഗുലേറ്റർ കം ബ്രിഡ്ജ് വരുന്നതോടെ വേനൽക്കാലത്ത് കാർഷികാവശ്യത്തിനായി മതിയായ വെള്ളം സംഭരിച്ചു നിർത്താൻ കഴിയുമെന്നും ഇത് പ്രദേശത്തെ സാമൂഹികവികസനത്തിന് കാരണമാകുമെന്നും, സമിതി വിലയിരുത്തി.

കുറുമാലി പുഴയും പുഴ പുറമ്പോക്കും ഉപയോഗിച്ചാണ് പ്രധാനമായും പാലം നിർമ്മിക്കുന്നത് എന്നതിനാൽ നിർമ്മിതികളും വാസസ്ഥലങ്ങളും ഏറ്റവും കുറഞ്ഞതും ഏറ്റവും അനുയോജ്യമായതുമായ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നതെന്നും പ്രസ്തുത പദ്ധതി ഒരു പൊതുവായ സാമൂഹികാവശ്യമാണെന്നും ആയതിനാൽ ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും വിദഗ്ദ്ധ സമിതി ചൂണ്ടികാട്ടുന്നു.

കുറുമാലിപ്പുഴക്ക് കുറുകെ കനാത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന സാമൂഹ്യ ചെലവുകളേയും സാമൂഹ്യ പ്രത്യാഘാതങ്ങളേയും അപേക്ഷിച്ച് വളരെ കൂടുതലായതിനാൽ RFCT LARR ACT 2023 ലെ ബന്ധപ്പെട്ട വകുപ്പുകളിലും ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് ന്യായമായ നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കുന്നതിന് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ളതാണ്.

സാമൂഹ്യ ആഘാത പഠന റിപ്പോർട്ടും വിദഗ്ധസമിതി റിപ്പോർട്ടും പരിശോധിച്ചതിൽ നിർദ്ദിഷ്ട ഏറ്റെടുക്കലിലേയ്ക്ക് യുക്തവും വിശ്വാസയോഗ്യവുമായ ഒരു പൊതു ആവശ്യമുണ്ടെന്നും അതാണ് നിർണ്ണയിക്കപ്പെട്ട ഭൂമിയുടെ ഏറ്റെടുക്കൽ നടപടി ആവശ്യമാക്കിത്തീർത്തതെന്നും പദ്ധതിയ്ക്കാവശ്യമായ ചുരുങ്ങിയ ഏരിയ മാത്രമേ ഏറ്റെടുക്കുന്നുള്ളൂവെന്നും ആ പ്രദേശത്ത് നേരത്തെ ഏറ്റെടുത്തിട്ടുള്ളതും ഉപയോഗിച്ചിട്ടില്ലാത്തതുമായ ഭൂമി ഇല്ലെന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ കുറുമാലിപ്പുഴക്ക് കുറുകെ കനാത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനായി മുകുന്ദപുരം താലൂക്കിൽ ചെങ്ങാലൂർ, നെല്ലായി വില്ലേജുകളിലെ 179/4,

319, 320/1/1, 320/1/2 എന്നീ സർവ്വെ നമ്പറുകളിലുൾപ്പെട്ട 8.786 സെന്റ് ഭൂമി നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് RFCT LARR Act 2013വകുപ്പ് 8 ലെ 1, 2 ഉപവകുപ്പുകൾ പ്രകാരം അനുവാദം നൽകി ഇതിനാൽ ഉത്തരാവാകുന്നു.

ഈ ഉത്തരവിന്റെ പകർപ്പ് വകുപ്പ് 8 ലെ 3-ാം ഉപവകുപ്പപ്രകാരം നിഷ്കർഷിച്ചിട്ടുളള സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും ചട്ടം 17 ലെ ഉപചട്ടം 2 പ്രകാരം ബാധിക്കപ്പെട്ട പ്രദേശത്ത് പ്രചാരത്തിലുള്ള ഒരു മലയാള ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമുള്ള തുടർനടപടികൾക്കായി സ്പെഷ്യൽ തഹസിൽദാർ, എൽ.എ കിഫ്ബി, തൃശ്ശൂരിനെ ചുമതലപ്പെടുത്തുന്നു.

DISTRICT COLLECTOR

സ്വീകർത്താവ്ഃ

1. സ്പെഷ്യൽ തഹസിൽദാർ എൽ.എ. കിഫ്ബി, തൃശ്ശൂർ. ( ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ തിയ്യതി വിവരം റിപ്പോർട്ട് ചെയ്യുന്നതിനും മറ്റ് തുടർ നടപടികൾക്കുമായി )
2. ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം

കളക്ടറേറ്റ്
19 JUL 202
തൃശ്ശൂർ-680 003

E4

RFCT LARR ACT 2013 (The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) - RFCT LARR Act 2013 - തൃശൂർ ജില്ല–മുകുന്ദപുരം താലൂക്ക്- ചെങ്ങാലൂർ നെല്ലായി കനാത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ-സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ രൂപീകരിച്ച വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട്

ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ DCTSR/ 1312/2023-E5 തീയതി : 24-05-2024 പ്രകാരം 8 അംഗങ്ങൾ അടങ്ങുന്ന വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. സമിതി അംഗങ്ങൾ സ്ഥലം സന്ദർശിക്കുകയും യോഗം ചേരുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ട്. സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽ സ്റ്റഡീസ് പാങ്ങോട് തിരുമല പി ഒ., തിരുവനതപുരം നടത്തിയ സാമൂഹിക പ്രത്യാഘത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, വിദഗ്ദ്ധ സമിതി അംഗങ്ങളുടെ യോഗം ചേരലിന്റെയും അടിസ്ഥാനത്തിലും, താഴെ പറയുന്ന തീരുമാനങ്ങളിൽ വിദഗ്ധ സമിതി എത്തി ചേർന്നിരിക്കുന്നു.

കൃത്യമായും സുഗമമായും ഉള്ള ഗതാഗത സൗകര്യങ്ങൾ ഓരോ പ്രദേശങ്ങളുടെ വികസനത്തിനും അഭിവാജ്യ ഘടകമാണ്. തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് കുറുമാലിപ്പുഴക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് ഉം അനുബന്ധ റോഡ് നിർമ്മാണവും അതിനാവശ്യമായ ഭൂമി ഏറ്റെടുക്കലും ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്. പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ സുഖമായ ഗതാഗത സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുകയും അതോടൊപ്പം തന്നെ കൃഷി ആവശ്യങ്ങൾ ക്കായുള്ള നൂതന രീതിയിലുള്ള ഒരു ജലസ്രോതസ് കൂടെ ലഭ്യമാകുന്നു എന്നത് ഈ പദ്ധതിയുടെ ഒരു

മേന്മയാണ് . ചെങ്ങാലൂർ വില്ലജ് ന്റെ പരിധിയിൽ പെട്ടുവരുന്ന കിഴക്കേക്കരയിലെ ജനസമൂഹത്തിന് സർക്കാർ ഓഫീസുകളിലേക്കും കച്ചവട സ്ഥാപങ്ങളിലേക്കും നാഷണൽ ഹൈവേ ലേക്കും അതുപോലെ തന്നെ നെല്ലായി വില്ലേജിൽ പെടുന്ന പരിധിയിയായ പടിഞ്ഞാറെ ഭാഗത്തേക്കും വളരെ എളുപ്പത്തിൽ പോകാൻ പുഴക്ക് കുറുകെ വരുന്നു ഈ പാലത്തിനാൽ സാധിക്കും എന്നുറപ്പാണ്, അതോടൊപ്പം തന്നെ നാലു ഷട്ടറുകൾ ഉൾപ്പെടുന്ന റെഗുലേറ്റർ കം ബ്രിഡ്ജ് വരുന്നതോടെ വേനൽക്കാലത്തു കാർഷികാവശ്യത്തിനായി മതിയായ വെള്ളം സംഭരിച്ചു നിർത്താൻ കഴിയുന്നു എന്നതിനാലും ഈ പദ്ധതി വളരെ അധികം പ്രാധാന്യം അർഹിക്കുന്നു .

സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് പ്രകാരം നാലു ഭൂ ഉടമസ്ഥരുടെ കൈവശമുള്ള ഭൂമിയിൽ നിന്നാണ് നിർദിഷ്ട പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നത് നിർദിഷ്ട പദ്ധതിക്കായി മുകുന്ദപുരം താലൂക്കിലെ ചെങ്ങാലൂർ നെല്ലായി വില്ലേജുകളിലെ 0.0355 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്(ചെങ്ങാലൂർ വില്ലേജിലെ 319 സർവേ നമ്പർ പ്രകാരം 0.0038 ഹെക്ടർ ഭൂമിയും, 320/1-1 പ്രകാരം 0.0051 ഹെക്ടർ ഭൂമിയും, 320/1-2 സർവേ നമ്പർ പ്രകാരം 0.0031 ഹെക്ടർ ഭൂമിയും, നെല്ലായി വില്ലേജിലെ 179/4 സർവേ നമ്പർ

പ്രകാരം 0.0235 ഹെക്ടർ ഭൂമിയുമാണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കുന്നത്) മേൽ പരാമർശിച്ച സർവേ നമ്പറിലുള്ള ഭൂമി എല്ലാം തന്നെ പറമ്പ് എന്ന വിഭാഗത്തിൽ പെടുന്നു എന്ന് സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ടിൽ പറയുന്നു (പേജ് നമ്പർ 26). ഇവയിലെ ഒരു കൈവശ ഭൂമിയിൽ നിലനിൽക്കുന്ന ചുറ്റുമതിൽ ഒഴിച്ച് നിർത്തിയാൽ ബാക്കി ഉള്ളവയിൽ ഒന്നും തന്നെ ചമയങ്ങളോ കെട്ടിടങ്ങളോ ഇല്ലാത്ത ഭൂമിയാണ്.( പേജ് നമ്പർ :11-12).

സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിശദമായി പഠിച്ചതിന്റെ അടിസ്ഥാനത്തിലും, സ്ഥല സന്ദർശനത്തിന്റെയും, സമിതി അംഗങ്ങളുടെ ചർച്ചകളിലൂടെയും താഴെ പറയുന്ന വസ്തുതകൾ വിദഗ്ദ്ധ സമിതിക്കു ബോധ്യപ്പെടുകയും അത് മേൽ നടപടികൾക്കായി ശുപാർശ ചെയ്യുകയും ചെയ്യുന്നു.

<u>സമിതിയുടെ ശുപാർശകൾ</u>

1. സുഗമമായ ഗതാഗതം എന്നത് ഏറ്റവും പരമ പ്രധാനമായ ഒരു സാമൂഹിക ആവശ്യം ആണ് എന്നുള്ളതും, ഈ പുതിയ റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി പ്രദേശത്തിനും അനുബന്ധ പ്രദേശങ്ങൾക്കും വളരെയധികം പ്രയോജനപ്രദമാകും എന്നതിൽ സംശയമില്ല. പദ്ധതിയുടെ ആനുകൂല്യങ്ങൾ നിരവധി

ജനങ്ങളിലേക്ക് എത്തും എന്നുള്ളതിനാലും ഈ റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി നിർദിഷ്ട പ്രദേശത്തു വരുന്നതിന്റെ ഭാഗമായി സാമൂഹിക വികസനം നടക്കും എന്നതിലും തർക്കമില്ല, ഇതിലും അനുയോജ്യമായ ഒരു സ്ഥലം ഈ പദ്ധതിക്ക് നിർദിഷ്ട പ്രദേശങ്ങളിൽ കണ്ടെത്താൻ കഴിയില്ല എന്നതാണ് വിദഗ്ദ്ധ സമിതിയുടെ അഭിപ്രായം. ആയതിനാൽ ഏറ്റവും അനുയോജ്യമായ ഈ സ്ഥലം തന്നെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനായി ഏറ്റെടുത്തു, മേൽനടപടികൾക്കായി പരിഗണിക്കണം എന്നും ഈ സമിതി ശുപാർശ ചെയ്യുന്നു.

2. കുറുമാലി പുഴയും പുഴ പുറമ്പോക്കും ഉപയോഗിച്ചാണ് പാലം പ്രധാനമായും നിർമിക്കുന്നത്, ഇതിലേക്കുള്ള അപ്രോച്ച് റോഡ് നിർമിക്കുന്നതിനും പമ്പ് ഹൗസുകൾ സ്ഥാപിക്കാനും സ്ഥലം ആവശ്യമാണെന്ന് സാമൂഹിക പ്രത്യാഘത റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് സമിതിക്കു ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഏറ്റവും അനുയോജ്യമായ ഈ പദ്ധതി നടപ്പിലാക്കുവാൻ സമിതി ശുപാശ ചെയ്യുന്നു

3. നിർമിതികളും വാസസ്ഥലങ്ങളും ഏറ്റവും കുറഞ്ഞ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കണത് എന്നതും ശ്രദ്ധേയമാണ്. സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽ സ്റ്റഡീസ് പാങ്ങോട് തിരുമല പി ഒ., തിരുവനതപുരം നടത്തിയ സാമൂഹിക പ്രത്യാഘത പഠന

റിപ്പോർട്ട് പ്രകാരം ഈ പദ്ധതിക്ക് വേണ്ടി 4 ഭൂ ഉടമസ്ഥരുടെ ഭൂമി ആണ് ഏറ്റെടുക്കുന്നത്. ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് ന്യായമായ നഷ്ടപരിഹാരം നൽകണം എന്നുള്ളതും ഏറ്റെടുക്കുന്ന ഭൂമിയിൽ അവർക്കു കായ് ഫലമുള്ള വൃക്ഷങ്ങൾ ഉണ്ടെങ്കിൽ, പദ്ധതിയാൽ അവർക്കു നഷ്ടപെടുന്ന വൃക്ഷങ്ങളും അതിൽ നിന്ന് ലഭിക്കുന്ന വരുമാനങ്ങളും നഷ്ടപരിഹാരം കണക്കാക്കുമ്പോൾ കണക്കിൽ എടുക്കണം എന്നതും സമിതി ശുപാർശ ചെയ്യുന്നു.

4. ഭൂമി ഏറ്റെടുക്കൽ നടപടികളും നഷ്ടപരിഹാരം നൽകലും സമയ ബന്ധിതമായി നടപ്പാക്കണമെന്നും ശുപാർശ ചെയ്യാനും ഇതോടൊപ്പംതീരുമാനിച്ചു.
5. ഈ പദ്ധതി പ്രദേശത്തു പട്ടികജാതി പട്ടികവർഗ കോളനികൾ ഇല്ലാത്തത് കൊണ്ട് വളരെ വേഗത്തിൽ പ്രശനരഹിതമായി ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നാണ് വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ.
6. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്വകാര്യ ഭൂമിയിൽ പാർപ്പിട കെട്ടിടങ്ങളോ കച്ചവട സ്ഥാപനങ്ങളോ ഇല്ല എന്ന് പ്രതിപാദിച്ചത് (പേജ് നമ്പർ :14) വിദഗ്ദ്ധ സമിതിക്ക് ബോധ്യപ്പെട്ടിരുന്നു.
7. നിർദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കന്ന ഭൂമിയിൽ യാതൊരു തരത്തിലുള്ള കച്ചവട സ്ഥാപങ്ങളോ, സ്വയം തൊഴിൽ സ്ഥാപങ്ങളോ,

മറ്റു സ്ഥാപങ്ങളോ ഇല്ല എന്ന് സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത് (പേജ് നമ്പർ :15). സ്ഥല സന്ദർശനത്തിന്റെ ഭാഗമായി വിദഗ്ദ്ധ സമിതിക്കു ബോധ്യമായിട്ടുണ്ട് . ആയതിനാൽ വേണ്ടി ഭൂമി ഏറ്റെടുക്കണത് ആരുടെയും ഉപജീവനത്തെ ബാധിക്കുന്നില്ലന്നെനു തുടർ നടപടികൾക്കായി മുന്നോട്ടു പോകാമെന്നും വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു

8. കനാത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കാൻ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള ഭൂ വിഭാഗങ്ങളിലോ സമീപപ്രദശങ്ങളിലോ ശ്മശാനങ്ങളോ ആരാധനാലയങ്ങളോ ന്യായവില ഷോപ്പുകളൊ ഭക്ഷ്യ ധാന്യ സംഭരണ ശാലകളോ ഒന്നും തന്നെ ഇല്ല എന്ന് വിദഗ്ദ്ധ സമിതിക്കു ബോധ്യം വന്നിരിക്കുന്നതിനാൽ യാതൊരു പ്രയാസങ്ങളും ഇല്ലാതെ വളരെ സുഗമായി ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. ആയതിനാൽ ഭൂമി ഏറ്റടുക്കൽ തുടർ നടപടികൾക്കായി വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

9. ഈ മേൽപ്പാല നിർമ്മാണ പദ്ധതി ഒരു പൊതു ആയ സാമൂഹികാവശ്യം ആണെന്നും, ഈ പദ്ധതിക്ക് പ്രാദേശികമായ വലിയ ഒരു പിന്തുണ ഉണ്ടെന്നും വിദഗ്ദ്ധ സമിതിക്ക് സ്ഥല സന്ദർശനത്തിന്റെ ഭാഗമായി ബോധ്യപെടുകയുണ്ടായി,

ആയതിനാൽ ഈ പദ്ധതി എത്രയും പെട്ടന്ന് നടപ്പിലാക്കാനുള്ള നടപടികൾക്ക് വേണ്ടി വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന സാമൂഹിക ചെലവുകളെയും സാമൂഹ്യ പ്രത്യാഘാതങ്ങളെയും അപേക്ഷിച്ചു വളരെ കൂടുതലാണെന്നു വിദഗ്ദ്ധ സമിതിക്കു ബോധ്യപ്പെട്ടു. ആയതിനാൽ വിദഗ്ദ്ധ സമിതി RFCTLARR ACT 2013 ലെ ബന്ധപ്പെട്ട വകുപ്പുകളിലെയും ചട്ടങ്ങൾക്കും വിധേയമായി, തൃശൂർ ജില്ലാ -മുകുന്ദപുരം താലൂക്ക്- ചെങ്ങാലൂർ നെല്ലായി കനാത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപെട്ടു - സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽ സ്റ്റഡീസ് പാങ്ങോട് തിരുമല പി ഒ., തിരുവനതപുരം തയ്യാറാക്കിയ സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് അംഗീകരിക്കുകയും വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണങ്ങൾ കൂടി പരിഗണിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

വിദഗ്ദ്ധ സമിതിക്കു വേണ്ടി,

തൃശൂർ

15/07/2024

ഡോ. രമ്യ ആർ ,
(സമിതി ചെയർപേഴ്സൺ)

RFCT LARR Act 2013 - തൃശൂർ ജില്ലാ -മുകുന്ദപുരം താലൂക്ക്- ചെങ്ങാലൂർ നെല്ലായി കനാത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ--സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട്

സ്ഥലം: തൃശൂർ

തിയതി: 15/7/24

| Sl No: | Name | Designation | Signature |
|---|---|---|---|
| 1 | Dr. Ramya R. | Associate Professor and Head, Department of Economics (Chairman) | |
| 2 | Dr. Binu K | Associate Professor of Sociology | |
| 3 | Smt. Amirthavalli D | Deputy Collector (L.A.) | |
| 4 | Smt. Jayanthi C R | Special Thahasildar (L.A.KIIFB) | |
| 5 | Sri. Jamaludheen C A | Deputy General Manager, Kerala Irrigation Infrastructure Development Corporation | |
| 6 | Sri K M Baburaj | President Pudukkad Grama Panchayath | |
| 7 | Sri.K K Rajan | Ward Member (6th Ward) Parappukkara Grama Panchayath | |
| 8 | Smt. Rathi Babu | Ward Member (8th Ward) Pudukkad Grama Panchayath | |

# വിദഗ്ദ്ധ സമിതിയുടെ അന്തിമ യോഗത്തിന്റെ മിനിറ്റ്സ്

വിദഗ്ദ്ധ സമിതി 03/07/2024 നു പദ്ധതി പ്രദേശം സന്ദർശിക്കുകയും സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുകയും ചെയ്തു, ആയതിന്റെ അടിസ്ഥാനത്തിൽ 14/07/2022 നു ഗൂഗിൾ മീറ്റ് ൽ ഒരു അന്തിമ യോഗം ചേരുകയും താഴെ പറയുന്ന തീരുമാനങ്ങൾ വിദഗ്ദ്ധ സമിതി കൈക്കൊള്ളുകയും ചെയ്തു

**യോഗ തീരുമാനങ്ങൾ:**

1. ഇപ്പോൾ ഈ പദ്ധതിക്കായി സ്വീകരിച്ചിരിക്കുന്ന അലൈന്മെന്റും അതിനു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലവും ആണ് പാലത്തിനു ഏറ്റവും അനുയോജ്യമായ സ്ഥലം എന്നും വിദഗ്ദ്ധ സമിതിക്കു സ്ഥല സന്ദർശനത്തിന്റെ ഭാഗമായി ബോധ്യപ്പെട്ടു. ആയതിനാൽ ഏറ്റവും അനുയോജ്യമായ ഈ സ്ഥലം തന്നെ നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുത്തു, മേൽനടപടികൾക്കായി ശുപാർശ ചെയ്യാൻ യോഗത്തിൽ തീരുമാനിച്ചു.
2. കുറുമാലിപ്പുഴക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് ഉം അനുബന്ധ റോഡ് നിർമ്മാണവും വരുന്നതിന്റെ ഭാഗമായി സാമൂഹിക വികസനം നടക്കും എന്നത് വിദഗ്ദ്ധ സമിതിക്കു ബോധ്യമാവുകയും അത് അന്തിമ റിപ്പോർട്ടിൽ പരാമര്ശിക്കാനും യോഗം തീരുമാനിച്ചു.

3. ആഘാത ബാധിത കുടുംബങ്ങൾക്ക് ഉചിതമായ നഷ്ടപരിഹാരം നൽകേണ്ടതിന്റെയും ആവശ്യകത വിദഗ്ദ്ധ സമിതി അംഗങ്ങൾക്ക് ബോധ്യമാവുകയും അത് അന്തിമ റിപ്പോർട്ടിൽ പ്രതിപാദിക്കാനും തീരുമാനിച്ചു.

4. ഈ പദ്ധതിക്ക് വേണ്ടി 4 ഭൂ ഉടമസ്ഥരുടെ വസ്തുവഹകളിൽ നിന്നാണ് ഭൂമി ഏറ്റെടുക്കുന്നത്. ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് ന്യായമായ നഷ്ടപരിഹാരം നല്കാൻ ശുപാർശ ചെയ്യണം എന്നുള്ളതും (ആ പുരയിടങ്ങളിൽ അവർക്കു കായ് ഫലമുള്ള വൃക്ഷങ്ങളോ മറ്റു നിർമിതികളോ ഉണ്ടെങ്കിൽ, പദ്ധതിയാൽ അവർക്കു നഷ്ടപെടുന്ന വൃക്ഷങ്ങളും, നിർമിതികളും അതിൽ നിന്ന് ലഭിക്കുന്ന വരുമാനങ്ങളും നഷ്ടപരിഹാരം കണക്കാക്കുമ്പോൾ കണക്കിൽ എടുക്കണം) എന്നതും സമിതി തീരുമാനിച്ചു.

5. ഭൂമി ഏറ്റെടുക്കൽ നടപടികളും നഷ്ടപരിഹാരം നൽകലും സമയ ബന്ധിതമായി നടപ്പാക്കണമെന്നും ശുപാർശ ചെയ്യാനും വിദഗ്ദ്ധ സമിതി തീരുമാനിച്ചു

6. ഈ പദ്ധതി പ്രദേശത്തു പട്ടികജാതി പട്ടികവർഗ കോളനികൾ ഒന്നും ഇല്ലാത്തത് കൊണ്ട് വളരെ വേഗത്തിൽ പ്രശനരഹിതമായി ഈ പദ്ധതി

നടപ്പിലാക്കാൻ സാധിക്കുമെന്നാണ് വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തലും തീരുമാനവും.

7. നിർദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കന്ന ഭൂമിയിൽ യാതൊരു തരത്തിലുള്ള കച്ചവട സ്ഥാപങ്ങളോ, സ്വയം തൊഴിൽ സ്ഥാപങ്ങളോ, മറ്റു സ്ഥാപങ്ങളോ ഇല്ല എന്ന വസ്തുത മനസിലാക്കിയ വിദഗ്ദ്ധ സമിതിക്കു ബോധ്യമായിട്ടുണ്ട് . ആയതിനാൽ ആയതിനാൽ നിർദിഷ്ട പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർ നടപടികളിലേക്ക് കടക്കാമെന്നു ശുപാർശ ചെയ്യാൻ വിദഗ്ദ്ധ സമിതിയുടെ യോഗത്തിൽ തീരുമാനിച്ചു

8. കനാത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കാൻ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള ഭൂ വിഭാഗങ്ങളിലോ സമീപപ്രദശങ്ങളിലോ ശ്മശാനങ്ങളോ ആരാധനാലയങ്ങളോ ന്യായവില ഷോപ്പുകളൊ ഭക്ഷ്യ ധാന്യ സംഭരണ ശാലകളോ ഒന്നും തന്നെ ഇല്ല എന്ന് വിദഗ്ദ്ധ സമിതിക്കു ബോധ്യം വന്നിരിക്കുന്നതിനാൽ യാതൊരു പ്രയാസങ്ങളും ഇല്ലാതെ വളരെ സുഗമായി ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. ആയതിനാൽ ഭൂമി ഏറ്റടുക്കൽ തുടർ നടപടികൾക്കായി വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യാനും അന്തിമ യോഗത്തിൽ തീരുമാനിച്ചു.

9. ഈ റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി ഒരു പൊതു ആയ സാമൂഹികാവശ്യം ആണെന്നും ഈ പദ്ധതിക്ക് പ്രാദേശികമായ വലിയ ഒരു പിന്തുണ ഉണ്ടെന്നും വിദഗ്ദ്ധ സമിതിക്ക് സ്ഥല സന്ദർശനത്തിന്റെ ഭാഗമായി ബോധ്യപെടുകയുണ്ടായി, ആയതിനാൽ ഈ പദ്ധതി എത്രയും പെട്ടന്ന് നടപ്പിലാക്കാനുള്ള നടപടികൾക്ക് വേണ്ടി ശുപാർശ ചെയ്യാനും വിദഗ്ദ്ധ സമിതി തീരുമാനിച്ചു

ഗൂഗിൾ മീറ്റ് ൽ ചേർന്ന വിദഗ്ദ്ധ സമിതി അന്തിമ യോഗം യോഗം മേൽപരാമര്ശിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് തയ്യാറാക്കി ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്കു സമർപ്പിക്കാൻ സമിതി ചെയർ പേഴ്സൺ നെ ചുമതലപ്പെടുത്തി.

വിദഗ്ദ്ധ സമിതിക്കു വേണ്ടി,

തൃശൂർ

14/07/2024

ഡോ. രമ്യ ആർ ,

(സമിതി ചെയർപേഴ്സൺ)

RFCT LARR Act 2013 - തൃശൂർ ജില്ലാ -മുകുന്ദപുരം താലൂക്ക്- ചെങ്ങാലൂർ നെല്ലായി കനാത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ--സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ചേർന്ന വിദഗ്ദ്ധ സമിതിയുടെ സ്ഥല സന്ദർശനത്തിന്റെയും ആദ്യ യോഗത്തിന്റെയും മിനിറ്റ്സ്.

സ്ഥലം:

തിയതി: 3/7/24

## EXPERT COMMITTEE MEMBERS

| Sl No: | Name | Designation | Signature |
|---|---|---|---|
| 1 | Dr. Ramya R. | Associate Professor and Head, Department of Economics (Chairman) | [signature] |
| 2 | Dr. Binu K | Associate Professor of Sociology | [signature] |
| 3 | Smt. Amirthavalli D | Deputy Collector (L.A.) | [signature] |
| 4 | Smt. Jayanthi C R | Special Thahasildar (L.A.KIIFB) | [signature] |
| 5 | Sri. Jamaludheen C A | Deputy General Manager, Kerala Irrigation Infrastructure Development Corporation | [signature] |
| 6 | Sri K M Baburaj | President Pudukkad Grama Panchayath | [signature] |
| 7 | Sri.K K Rajan | Ward Member (6th Ward) Parappukkara Grama Panchayath | [signature] |
| 8 | Smt. Rathi Babu | Ward Member (8th Ward) Pudukkad Grama Panchayath | [signature] |

RFCT LARR Act 2013 - തൃശൂർ ജില്ലാ -മുകുന്ദപുരം താലൂക്ക്- ചെങ്ങാലൂർ നെല്ലായി കനാത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ--സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ചേർന്ന വിദഗ്ദ്ധ സമിതിയുടെ അന്തിമ യോഗത്തിന്റെ മിനിറ്റ്സ്.

സ്ഥലം: ഗൂഗിൾ മീറ്റ്

തിയതി: 14/7/24

## EXPERT COMMITTEE MEMBERS

| Sl No: | Name | Designation | Signature |
|---|---|---|---|
| 1 | Dr. Ramya R. | Associate Professor and Head, Department of Economics (Chairman) | [signature] |
| 2 | Dr. Binu K | Associate Professor of Sociology | [signature] |
| 3 | Smt. Amirthavalli D | Deputy Collector (L.A.) | [signature] |
| 4 | Smt. Jayanthy C R | Special Thahasildar (L.A.KIIFB) | [signature] |
| 5 | Sri. Jamaludheen C A | Deputy General Manager, Kerala Irrigation Infrastructure Development Corporation | [signature] |
| 6 | Sri K M Baburaj | President Pudukkad Grama Panchayath | [signature] |
| 7 | Sri.K K Rajan | Ward Member (6th Ward) Parappukkara Grama Panchayath | [signature] |
| 8 | Smt. Rathi Babu | Ward Member (8th Ward) Pudukkad Grama Panchayath | [signature] |